# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

## പ്രവചന കാലയളവ് 30.4.2022 മുതൽ 04.5.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 17/2022, (34) വെള്ളിയഴ്ച്ച | തീയ്യതി 29/4/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| (6.8) | (32.6 -36.0) | (22.9-27.5) | (82-92) | (51-73) | (1.4-2.1) | (0.4-11.0) | (2.5-3.8) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 30.4.2022 | 01.5.2022 | 02.5.2022 | 03.5.2022 | 04.5.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 7 | 10 | 5 | 11 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| മേഘവ്യാപ്തി (ഒക്ടട) | 5 | 6 | 7 | 7 | 6 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ഏപ്രിൽ 30 | 2022 മെയ് 1 | 2022 മെയ് 2 | 2022 മെയ് 3 | 2022 മെയ് 4 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ: സൂര്യാഘാതം തടയാൻ നേരിട്ട്** സൂര്യ പ്രകാശം ഏൽക്കാതിരിക്കാൻ കർഷകർ ശ്രദ്ധിക്കുക. **നിർണ്ണായ ഘട്ടങ്ങളിൽ** വിളകൾക്ക് ആവശ്യത്തിന് ജലസേചനം കൊടുക്കുക. തുള്ളിനന ശുപാർശ ചെയ്യുവുന്നതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് (പുഞ്ച) കൊയ്ത്തു പരുവം | ചാഴി |  | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| തെങ്ങ് | പരിചരണം |  | മഴ തുടങ്ങുന്നതിനു മുൻപായി തെങ്ങിന്റെ തടം തുറന്ന് ഒരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടുകൊടുക്കുക. |
| ഇഞ്ചി,മഞ്ഞൾ | നടീൽ സമയം |  | ഇഞ്ചി മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടു കൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നത് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം തടത്തിൽ ഇട്ടുകൊടുക്കുക. |
| മൃഗസംരക്ഷണം | കന്നുകാലിതൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരംകൂട്ടുന്നതും നല്ലതാണ്. (CAADECCS, KVASU,മണ്ണുത്തി) | | |